## പതിമൂന്നാം കേരളനിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.240** | **10/12/2014-ൽ മറുപടിക്ക്**

### കാരുണ്യ മെഡിക്കൽ സ്റ്റോറുകളിൽ മരുന്നുകൾ ലഭ്യമാക്കാൻ നടപടി

**ചോദ്യം**

ശ്രീ. കോവൂർ കുഞ്ഞുമോൻ
" എ. എ. അസീസ്

**മറുപടി**

ശ്രീ. വി. എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

---

| | | | |
|---|---|---|---|
| (എ) | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ നിയന്ത്രണത്തിലുള്ള കാരുണ്യ മെഡിക്കൽ സ്റ്റോറുകളിൽ മരുന്നുകളുടെ ലഭ്യത കുറവാണെന്ന മാധ്യമ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഇല്ല. മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ നിയന്ത്രണത്തിലുള്ള കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളിൽ പൊതുവിപണിയിലുള്ള 90% മരുന്നുകളും ലഭ്യമാണ്. |
| (ബി) | മരുന്നുകളുടെ ലഭ്യത ഉറപ്പ് വരുത്തുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | (ബി) | കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളിൽ ഇടനിലക്കാരില്ലാതെ മരുന്നു കമ്പനികളിൽ നിന്നും നേരിട്ട് മരുന്നുവാങ്ങുന്ന രീതിയാണ് അവലംബിച്ചുവരുന്നത്. |
| (സി) | കൂടുതൽ സ്ഥലങ്ങളിൽ കാരുണ്യ മെഡിക്കൽ സ്റ്റോറുകൾ തുടങ്ങുന്നതിന് തീരുമാനം കൈക്കൊള്ളുമോ ? | (സി) | സംസ്ഥാനത്തൊട്ടാകെ 35 സർക്കാർ ആശുപത്രികളിൽ (മെഡിക്കൽ കോളേജുകൾ ഉൾപ്പടെ) കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ ആരംഭി ക്കുവാനാണ് അനുമതി ലഭിച്ചിട്ടുള്ളത്. ഇതിൽ 26 കമ്മ്യൂണിറ്റി ഫാർമസികൾ ഇതിനോടകം ആരംഭിച്ചു കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ